ഉത്തരം

(എ) മലപ്പുറം ജില്ല നിലവിൽ വന്നശേഷം പുതിയ ട്രെയിനിംഗ് സ്കൂളുകളൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ആകെ ഉണ്ടായിരുന്ന ട്രെയിനിംഗ് സ്കൂളുകളുടെ എണ്ണം 104-ൽ നിന്നും 92 ആയി ചുരുക്കിയപ്പോഴും മലപ്പുറം ജില്ലയിലുള്ള സ്കൂളുകളൊന്നും നിറുത്തലാക്കിയിരുന്നില്ല. പുതുതായി ട്രെയിനിംഗ് സ്കൂളുകളൊന്നുംതന്നെ സഹകാര്യ മേഖലയിൽ അനുവദിക്കേണ്ടതില്ലെന്ന് നയപരമായി ഒരു തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മാവേലിക്കര പീറർ മെമ്മോറിയൽ ട്രെയിനിംഗ് കോളേജിലെ ബി. എഡ്. പരീക്ഷാഫലം

1211. [1821] ശ്രീ. ടി. വി. വിജയരാജൻ :
,, എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി 1985-86-ലെ ബി. എഡ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചുവോ ;

(ബി) എങ്കിൽ മാവേലിക്കര പീറർ മെമ്മോറിയൽ ട്രെയിനിംഗ് കോളേജിലെ പരീക്ഷാഫലം എന്തുകൊണ്ട് പ്രസിദ്ധീകരിച്ചില്ല എന്നു പറയുമോ ;

(സി) 1986 ഏപ്രിൽ മാസം നടന്ന ബി. എഡ്. പരീക്ഷയ്ക്ക് പ്രസ്തുത കോളേജിൽ നിന്ന് എത്ര വിദ്യാർത്ഥികൾ പരീക്ഷ എഴുതി ?

ഉത്തരം

(എ) പ്രസിദ്ധീകരിച്ചു.

(ബി) ഈ അദ്ധ്യയന വർഷം പ്രസ്തുത കോളേജിൽ പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് സർവ്വകലാശാല അംഗീകരിച്ചിട്ടില്ലാത്തതിനാലാണ്.

(സി) 144 (നൂറ്റി നാല്പത്തി നാല്)

പുതിയ വിദ്യാഭ്യാസ ജില്ലകൾ

1212. [1822] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വിദ്യാഭ്യാസ ജില്ലകൾ ആരംഭിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാം ;

(ബി) നിലവിലുള്ള വിദ്യാഭ്യാസ ജില്ലകൾ ഏതുവർഷം രൂപീകരിച്ചതാണ് ?

LIBRARY ARCHIVES Kerala Legislative Assembly